## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അന്യത്ര സേവനത്തിൽ തുടരുന്ന ഡോ. സിമി.പി.എസ്, ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി)- ജോലിയിൽ പുന: പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: മേലെഴുത്ത് നം. ഇഎ6-10927/17/ആ.വ.ഡ തീയതി 22.11.2018

**ഉത്തരവ് നം. ഇ.എ1- 1040/2018/ആ.വ.ഡ തീയതി 22.11.2018**

മലപ്പുറം മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സീനിയർ റസിഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ. സിമി.പി.എസ് ന്റെ അന്യത്ര സേവന കാലയളവ് 22.11.2018 ൽ പൂർത്തിയാവുകയാണെന്നും ആയതിനാൽ ടിയാരിക്ക് ആരോഗ്യവകുപ്പിൽ ജോലിയിൽ പുന: പ്രവേശിക്കുന്നതിനു നിയമന ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. സിമി.പി.എസ് നെ **മപ്പുറം പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി)** തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. സിമി.പി.എസ് ജോലിയിൽ പുന: പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. സിമി.പി.എസ്, ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), മലപ്പുറം
3. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ് മഞ്ചേരി, മലപ്പുറം
4. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

GOVERNMENT OF KERALA 2017-18